2020 ഫ്ളവർ കൈറ്റ്.com



# 2020 ഫ്ളവർ കൈറ്റ്.com

**ഉള്ളടക്കം**


ആശംസ....................................................................................4
കേശവൻ എന്ന കൃഷിക്കാരൻ...............................................................5
പ്രകൃതി.......................................................................................................7
കൃഷിതോട്ടത്തിലെ നിധി.......................................................................................11
......................................................................................................................13
ഭൂമിയിലെ മാലാഖയുടെ ജീവിതം.......................................................................13
......................................................................................................................15
നന്മയുടെ ആലയം.......................................................................................15
ആളെ ആവശ്യമുണ്ട് ?.......................................................................................17
ദുഖത്തിൽ വിരിയുന്ന സന്തോഷം.......................................................................19
ആദ്യ വർണ്ണനകൾ.......................................................................................24
*ഒരു പുഷ്പത്തെയോർത്ത്.......................................................................................29*
......................................................................................................................29
സ്വാതന്ത്ര്യം.......................................................................................31
സൗന്ദര്യത്തിൽ കഥയില്ല.......................................................................................33
*ക◌ുളിർമഴ.......................................................................................34*
കാർമുകിലിൻെറ കണ്ണീർ.......................................................................................36
......................................................................................................................38
യഥാർഥ സുഹൃത്ത്.......................................................................................38
മയക്കുമരുന്നിനാൽ നശിക്കപ്പെടുന്ന സമൂഹം.......................................................40
ജലസംരക്ഷണം.......................................................................................42
കുടുംബം.......................................................................................46
നമുക്കും മാതൃകയാകാം.......................................................................................48
അമ്മ തന്ന സമ്മാനം.......................................................................................50
......................................................................................................................57
വിലാപം.......................................................................................57
*മാനത്തുണ്ടൊരു കാർമേഘം.......................................................................................58*
......................................................................................................................59
പഠിച്ചതെ പാട്ട്.......................................................................................61
......................................................................................................................61
കഥ തത്തമ്മ.......................................................................................63
കവിത.......................................................................................65
മഴ.......................................................................................65
പ്രസംഗം.......................................................................................67

കേരളം പ്രകൃതി ദുരന്തങ്ങളുടെ നാട്.....70
മടിയൻ മല ചുമക്കും.....72
നക്ഷത്രം.....78
മനുഷ്യജന്മം പുണ്യജന്മം.....82
ദാരിദ്ര്യത്തിന്റെ വിജയം.....87
.....*90*
*നമ്മുടെ കേരളം*.....90
പൊതിച്ചോറ്.....92

# എഡിറ്റോറിയൽ ബോർഡ്


## ശ്രീ സുനീഷ് കാരികുന്നേൽ(പി ടി എ പ്രസിഡന്റ്)

## ശ്രീമതി ജിജിമോൾ ജിജി(എം പി ടി എ പ്രസിഡന്റ്)

## സി. റോസ്‌ലിൻ SABS(ഹെഡ്മിസ്ട്രസ്)

## സി. മരിയ സെബാസ്റ്റ്യൻ(കൈറ്റ് മിസ്ട്രസ്)

## ശ്രീമതി പ്രസീദാ പോൾ(കൈറ്റ് മിസ്ട്രസ്)

## സാംജോ സജി (ചീഫ് എഡിറ്റർ)

## സബ് എഡിറ്റേഴ്സ്

## അശ്വിൻ നെജി

## ആകാശ് പി ബി

## ജോയൽ ബേബി

**നന്ദൻ എം സ്**


**എമിനാമോൾ എൽദോസ്**

**മാർഗരറ്റ് ദേവ്**

# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ ഈ നിസ്തുലമായ പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്ന

സ്നേഹത്തോടെ കൈറ്റ് മിസ്ട്രസുമാർ





# കേശവൻ എന്ന കൃഷിക്കാരൻ

നമ്മൾ പ്രകൃതിയെ സ്നേഹിക്കുന്നവരുമുണ്ട്, അല്ലാത്തവരുമുണ്ട്. അങ്ങനെ പ്രകൃതിയെ സ്നേഹിച്ച ഒരു പാലക്കാടുക്കാരന്റെ കഥയാണിത്. ഒരിടത്തൊരു കർഷകനുണ്ടായിരുന്നു. അയാളുടെ പേര്കേശവൻ എന്നാണ്. കേശവൻ തന്റെ വീടിന്റ ചുറ്റിനും കൃഷി ചെയ്യുന്നു. അയാളുടെ വീടിന്റെ ഒരു സൈഡിൽ 50 ഓളം വാഴകളുണ്ട് .വീടിന്റെ പുറകിൽ അദ്ദേഹം 10 പശുക്കളെയും വളർത്തു ന്നുണ്ട്. അങ്ങേ സൈഡിൽ ധാരാളം പച്ചക്കറികളും ഉണ്ട്. അദ്ദേഹം ഇതിന്റെയൊക്കെ വരുമാനങ്ങൾകൊണ്ട് വളരെ കഷ്ട്പ്പെട്ടാണ്ജീവിച്ചിരുന്നത്. ഇങ്ങനെ ജീവിതം നടത്തികൊണ്ടിരിക്കുമ്പോഴാണ് അന്ന് ആ കത്ത് വന്നത്, ഭാര്യ

***വന്ന് കാര്യം പറഞ്ഞത് . കത്ത് തുറന്ന് നോക്കിയപ്പോഴാണ് ഈ വർഷത്തെ കർഷകശ്രീ അവാർഡ് കേശവനാണെന്ന്.പുരസ്കാരം കിട്ടിയ സന്തോഷത്തിൽ വാങ്ങാൻ പോയ അയാൾ പോകുന്ന വഴിക്ക് മരം വീണ് കേശവൻ മരിച്ചു.....***

***അഭിനവ് കെ ജിനോ***

***9A***

# ഉപന്യാസം

## പ്രകൃതി



പ്രകൃതി എന്നത് ഭൂമിയുടെ ഒരു വരദാനമാണ്. പ്രകൃതി ഭംഗിയേറുന്നത് പച്ചപ്പുകളിലൂടെ യാണ്. പ്രകൃതിയെ മനുഷ്യൻ തന്നെയാണ് അറിഞ്ഞോ അറിയാതെയോ കളങ്കമാക്കുന്നത്. നമ്മൾ ശ്വസിക്കുന്ന

ജീവവായു വരെ പ്രകൃതിയുടെ വരദാനമാണ്. നമ്മളെ സംരക്ഷിക്കുന്ന പ്രകൃതിയെ നമ്മൾ തിരിച്ച് കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. കാലം തെറ്റി പെയ്യുന്ന മഴ, കണക്കു തെറ്റുന്ന വേനൽ, ആയിരങ്ങളുടെ ജീവനെടുക്കുന്ന ഉരുൾ പൊട്ടൽ, ഇതിനൊക്കെ കാരണം മനുഷ്യൻ തന്നെയാണ്. നമ്മൾ പല രീതിയിൽ പ്രകൃതിയെ നശിപ്പിക്കുന്നുണ്ട്.ജലാശയങ്ങളിലേക്ക് വേസ്റ്റ് വലിച്ചെറിയൽ, വായു മലിനീകരണം. 70%-80% ഓക്സിജൻ ഉത്പാദിപ്പിക്കുന്നത് കടലിലെ algae, phytoplankots, എന്ന രണ്ടു സസ്യങ്ങളാണ്. അവയേയും നമ്മൾ ജലമലിനീകരണത്തിലൂടെ നശിപ്പിക്കുന്നു.

നമ്മുടെ ഈ ക്രൂരത ഇനിയും നമ്മൾ തുടർന്നാൽ പ്രകൃതി ഒരു ദിവസം പ്രഹരിക്കും. അത് നമുക്ക് താങ്ങാനാവില്ലാ.

**അഭിഷേക് ബാബു**

***9A***



# കൃഷിതോട്ടത്തിലെ നിധി

*പണ്ട് ഒരിടത്ത് ഒരു കൃഷിക്കാരനും രണ്ട് മക്കളുമുണ്ടായിരുന്നു . ഒരു ദിവസം അച്ഛൻ അവരെ വിളിച്ചിട്ട് പറഞ്ഞു . മക്കളെ നമ്മുടെ പൂർവ്വികർ കൈമാറിവരുന്ന കൃഷി സ്ഥലമാണിത്. ഈ കൃഷി സ്ഥലത്തെവിടെയോ ഒരു നിധി കിടപ്പുണ്ട്. ഇത് പറഞ്ഞതോടെ അച്ഛൻ മരിച്ചു. അവർ ആ കൃഷിസ്ഥലം മുഴുവൻ കുഴിച്ചുനോക്കി അവർക്ക് ഒന്നും കിട്ടിയില്ല . അതിനശേഷം അവർ കുഴിച്ചസ്ഥലം മുഴുവൻ അവർ വിത്തിട്ടു , അതിനശേഷം ആ വിത്തുകൾ മുഴുവൻ വളർന്നു വലുതായിട്ട് അങ്ങനെ*

അവർ ഒരുപാട് തവണ വീണ്ടും കൃഷി ചെയ്തു അങ്ങ നെ അവർ ആ നാട്ടിലെ ഏറ്റവും വലിയ പണക്കാരനായി അപ്പോഴാണ് അവരുടെ അച്ഛൻ പറഞ്ഞ നിധി അവർക്ക് മനസ്സിലായത്.

അഭിഷേക് സന്തോഷ്

9A

# ഭൂമിയിലെ മാലാഖയുടെ ജീവിതം



ഭിത്തിയിലെ ചുമരിൽ നോക്കി നിൽക്കുകയായിരുന്നു ആനി . തന്റെ ഭർ ത്താവ് തന്നിൽ നിന്ന് വേർപ്പിരിഞ്ഞിട്ട് ഒരു വർഷം ആയി. പെട്ടെന്ന് മുറിയിൽ നിന്ന് ഒരു വിളി ആനിയമ്മെ. അത് ദിയമോളാണ്. തനിക്കുള്ള ഭക്ഷണവുമായാണ് അവൾ വന്നിരിക്കുന്നത്. സ്വന്തം മക്കൾ തന്നോട് കാണിക്കാത്ത ഒരു സ്നേഹമാണ് അവൾക്ക് ഉള്ളത്. ദിയമോൾക്ക് 3 വയസ്സ് ഉള്ളപ്പോളാണ് ഞാനും ഇച്ചായനും കൂടി അവളെ അനാഥാലയത്തിൽ നിന്ന് അവളെ എടുതത്ത്. പക്ഷേ തന്റെ സ്വന്തം മക്കൾക്ക് അത് ഇഷ്ടപെട്ടില്ല . അന്ന് ഞാനും ഇച്ചായനും കടി അവളെ എടുത്തില്ലായിരുന്നങ്കൽ ഞാൻ ഇന്ന് ഈ വീട്ടിൽ ഞാൻ ഒറ്റക്കാകുമായിരുന്നു. ഇപ്പോൾ എന്റെ മക്കളുടെ പേടി അമ്മയുടെ സ്വത്ത് അവളുടെ പേരിൽ എഴുതുമോ എന്നത് ഓർത്താണ്. ഇച്ചായൻമരിക്കുന്നതിന് മുൻപ് മക്കൾക്ക് എല്ലാവർക്കും സ്വത്ത് നൽകിയതാണ്. അപ്പോഴും ദിയാമോൾക്കും നൽകിട്ടില്ലായിരുന്നു. തന്റെ മകൻ അവന്റെ വീട്ടിലെ ഒരു

*വേലക്കാരിയെപ്പോലെയാണ് അവളെ കാണുന്നത്. എല്ലാം സഹിച്ചും മറ്റുള്ളവരെ സ്നേഹിച്ചും വേദനിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിച്ചുമാണ് അവളുടെ ജീവിതം. ഞാൻ ഈ വീട്ടിൽ ഉള്ളകാലംമാത്രമേ അവൾക്ക് ഈ വീട്ടിൽ കഴിയാൻ പറ്റു. തന്റെ മകൻ ഞാൻ ഉള്ളതു കൊണ്ടു മാത്രം അവളെ ഈ വീട്ടിൽ നിർത്തുന്നതാണ്. എന്റെ മരണശേഷം അവളെ വീട്ടിൽ നിന്ന് പുറത്താക്കും. അതെനിക്ക് ഉറപ്പാണ്. കാരണം അവന്റെ മക്കൾക്ക് അവൾ ഒരു ബാധ്യതയാകും എന്ന ചിന്തയാണ്. ശരിക്കും പറഞ്ഞാൽ അവളാണ് ഭൂമിയിലെ മാലാഖ..........................................*

*അബ്ജോഎബ്രാഹം*

*9B*

# കവിത




## നന്മയുടെ ആലയം

നന്മയുടെ ആലയം

എന്റെ വിദ്യാലയം

വിശ്വം എന്നെ കാട്ടിത്തന്ന

എന്റെ ആത്മപീഠം

വിദ്യയെനിക്ക് പകർന്നതന്ന

ഗുരുക്കന്മാർ എന്റെ ദൈവങ്ങൾ

വിദ്യ എന്റെ അമ്മ

അക്ഷരങ്ങളും അക്കങ്ങളും

എന്റെ ആത്മതോഴർ

ദേവാലയമാം വിദ്യാലയത്തിൽ

പടവുകൾ  കയറി ഞാൻ

അറിവു തേടി അലഞ്ഞു

അറിവുകൾ കാട്ടിതന്നു

അമൃത നിധിയാം പുസ്തകങ്ങൾ

നന്മയുടെ ആലയം എന്റെ വിദ്യാലയം

ആകാഷ് പി ബി

9A




## ആളെ ആവശ്യമുണ്ട്?

മഹാ പേടിത്തൊണ്ടനാണ് പൈലി. പൈലി പല വീടുകളിലും ജോലിക്ക് നിന്നു. പക്ഷേ പേടി കാരണം അവിടെ നിന്നെല്ലാം പറഞ്ഞുവിട്ടു. ഒരു ദിവസം പൈലി പത്രത്തിലൊരു പരസ്യം കണ്ടു. 'പട്ടി കുരയ്ക്കാതെ നോക്കാൻ ആളെ ആവശ്യമുണ്ട്". ഒപ്പം കാടിനടുത്തുള്ള ഒരു ബംഗ്ലാവിന്റെ വിലാസവും. പൈലി വേഗം അങ്ങോട്ടു വച്ച്പിടിച്ചു. അവിടെ അതാ ഒരു അപ്പൂപ്പൻ വടിയും

കുത്തിനിൽക്കുന്നു. മുറ്റത്തെ പട്ടിക്കൂട്ടിൽ ഒരു പാവം പട്ടിയും "പട്ടികുരയ്ക്കാതെ നോക്കാൻ ആളെ ആവശ്യമുണ്ട് എന്ന പരസ്യം കണ്ട് വന്നതാണ് " പൈലി പറഞ്ഞു. അപ്പോൾ അപ്പൂപ്പൻ പറഞ്ഞു. "എനിക്ക് പട്ടി കുരയ്ക്കുന്നത് കേട്ടാൽ തന്നെ പേടിച്ച് കൈയും കാലും വിറയ്ക്കും പട്ടികുരയ്ക്കാതെ നോക്കാൻ കൂടിനടുത്ത് കാവൽ നിൽക്കണം ദിവസം പത്ത് രൂപതരാം. പൈലിക്ക് ചിരി വന്നു. ഹി........ഹി..... കുരയ്ക്കാതിരിക്കാൻ ഇവന് കൃത്യസമയത്ത് ഭക്ഷണം കൊടുത്താൽപ്പോരെ?. പൈലി പട്ടിയെ നോക്കി ചോദിച്ചു. അത് കേട്ട് അപ്പൂപ്പൻ പറഞ്ഞു ഭക്ഷണം കിട്ടാഞ്ഞിട്ടല്ല പട്ടി കുരയ്ക്കാറ് പിന്നെ? പൈലി ആകാംക്ഷയോടെ ചോദിച്ചു.അപ്പൂപ്പൻ പറഞ്ഞു "കാട്ടിൽ നിന്ന് ഒരു പുലി രാത്രി ഇതുവഴി വരും അതിനെ കാണുമ്പോഴാണ് പട്ടികുരയ്ക്കാറ്. ഇത് കേട്ടതോടെ പൈലി അവിടുന്ന് സ്ഥലം വിട്ടു. പിന്നെ ഒരിക്കലും അവിടെ വന്നിട്ടില്ല.

അലൻ ബാബു

9B



# ദുഖത്തിൽ വിരിയുന്ന സന്തോഷം

*രാവിലെ അലാറമിന്റെ ശബ്ദം കേട്ടാണ് സുമ എഴുന്നേറ്റത് . സമയം എഴേമുക്കാലായി . അവൾ ചാടി എഴുന്നേറ്റ. മുഖം കഴുകി അവൾ അടുക്കളയിൽ കയറി . ചായയ്ക്ക വെള്ളം വെച്ചിട്ട് അവൾ*

കുട്ടികളെ എഴുന്നേൽപ്പിച്ചു. ഭർത്താവിനെയും എഴുന്നൽപ്പിച്ച് ചായ കൊടുത്തു. രാവിലെ കുട്ടികളെയും ഭർത്താവിനെയും ഒരിക്കിവിട്ടപ്പോഴെക്കും സമയം ഒൻപതു മണിയായി. അതിനുശേഷം അവൾ കുളിച്ച് ഭക്ഷണം കഴിക്കാനിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ചായക്കപ്പ് താഴെ വീണുപ്പൊട്ടി. അതു പെറുക്കിക്കൊണ്ടിരിക്കെ ചില്ല് കൊണ്ട് കൈമുറിഞ്ഞു. അപ്പോൾ അവൾ സ്വയം പറഞ്ഞു. "ഇന്ന് ഏതു നാശം പിടിച്ച ദിവസമാണോ ദൈവമേ". അവൾ റെഡിയായി ഓഫീസിലേക്കു പോയി. പക്ഷേ അവളുടെ ബസ് പോയിരുന്നു. അപ്പോൾ തന്നെ അവൾക്ക് വളരെ നിരാശയായി . പിന്നെ നടന്ന് ഒഫീസിലെത്തിയപ്പോഴെക്കും സമയം പത്ത് മണിയായി . അന്ന് മനേജറുടെ കൈയിൽ നിന്ന് വളരെയധികം വഴക്ക് കിട്ടി. ഇന്ന് ഏതു നാശം പിടിച്ച ദിവസമാണെന്ന് അവൾ മനസ്സിൽ വീണ്ടും ഓർത്തു. വൈകുന്നേരം ഓഫീസിൽ നിന്ന് ഇറങ്ങിയപ്പോഴെക്കും അവൾക്ക് പോകുന്ന ബസ് പോയിരുന്നു. അപ്പോഴാണ് റോഡിലേക്ക് ഉരുണ്ടു വന്ന പന്ത് അവൾ കാണുന്നത്.

അതിനു പിറകെ ഒരു കുട്ടിയും നിരങ്ങി റോഡിലേക്ക് വന്നു. കുട്ടി റോഡിന്റെ നടുവിൽ വന്ന് പന്ത് എടുത്തു. അപ്പോഴാണ് അവൾ അത് കാണുന്നത്. എതിരെ ഒരു ടോറസ് ലോറി പാഞ്ഞുവരുന്നു. അവൾ കുട്ടിയെ രക്ഷിക്കാനായി ഓടി വന്നു. ലോറി കുട്ടിയുടെ അടുത്ത് എത്തിയപ്പോഴേക്കും സുമ കുട്ടിയേയും എടുത്തുകൊണ്ട് റോഡിൽ നിന്ന് ഓടി മാറിയിരുന്നു. അപ്പോഴേക്കും ആ കുട്ടിയുടെ മാതാപിതാക്കൾ റോഡിൽ ഓടിയെത്തിയിരിന്നു. അവർ സുമയോട് നന്ദി പറഞ്ഞ് കുട്ടിയേയും കൂട്ടി വീട്ടിലേക്ക് കയറിപ്പോയി. അപ്പോൾ അവൾ അറിയാതെ അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. അപ്പോൾ അവൾ മനസ്സിലാക്കി, ദുഖത്തിൽ പുഞ്ചിരി വിരിയിക്കാൻ എതാനും ചെറിയ നിമിഷങ്ങൾ മത്രം മതി, മുള്ളും കൂട്ടത്തിൽ സുന്ദര പുക്ഷ്പം വിരിയുന്നതുപോലെ....................................

അമീഷ് ഷാൻ

9B




# ആദ്യ വർണ്ണനകൾ

*മഞ്ചാടി വാരിവിതറിയതുപോലെ*

*വിണ്ണിലെ താരകങ്ങളെല്ലാം*

*മുല്ലനിലാവിൽ കുളിച്ചും പൂർണ്ണ -*

*ചന്ദ്രനെയും നോക്കിനിൽക്കെ*

*അന്തരംഗാന്തരത്തിലന്ദതയിൽ*

ഇത്തിരി വെട്ടം തെളിഞ്ഞ നേരം

ഞാനോർക്കുകയായ് ഈ ദൃശ്യവർണ്ണങ്ങൾ

പുസ്തകത്താളിൽ പകർത്തിയാലോ

ഇവ്വിധം പാട്ടിൻ ജനനമെന്തെന്നും

മരണമെന്തെന്നും ഞാനോർക്കെ

നിദ്രയിൽ കരിനിഴലെന്നെയെടുത്തു

നിദ്രയിൽ ഞാൻ കണ്ട വർണ്ണ സ്വപ്നം

നിദ്രയിൽ ഞാൻ കണ്ട വർണ്ണ സ്വപ്നം

എൻ പാട്ടിൻ ജന്മം പകർന്നുനൽകി

നിദ്രയിൽ ഞാൻ കണ്ട വർണ്ണ സ്വപ്നം

എൻ പാട്ടിൻ മരണം പകർന്നുനൽകി

നിദ്രയിൽ നിന്നു ഞാൻ ചാടിയെണീറ്റു

പുസ്തകം കൈയ്യിലെടുത്തശേഷം

സ്വപ്നം പകർന്നു നൽകിയ വരികൾ

പുസ്തക താളിൽ പകർത്തിയാലോ

*നിദ്രാവസ്ഥയിൽ നിന്നുണർന്നപ്പോൾ*

*സൂര്യൻ ജനലിൽനിന്നെത്തിനോക്കി*

*ഞാനോർക്കുകയായ് ഇന്നലെ കണ്ട–*

*സ്വപ്നത്തിൽ മറ്റൊരു സ്വപ്നം കണ്ടു*

*സ്വപ്നത്തിൽ ഞാൻ കണ്ട ഡ്രശ്യവർണ്ണം*

*സ്വപ്നത്തിൽ  പുസ്തകത്തിലെഴിതി*

*സ്വപ്നത്തിൽ കണ്ടകാര്യമെല്ലാമാണ്*

*ഇപ്പോളെഴിതിയ ഈ കവിത !*

*അനീറ്റ എ സാബു*

*9B*




# ഓർമ്മകൾ

ഓർമ്മതൻ ചെപ്പിലെ മുത്തുകൾ

പലവഴി ചിതറിയ ഓർമ്മകൾ

കൂട്ടുകൂടി പാട്ടുപാടി നാം നടന്ന വീഥികൾ.....

ഓർത്തെടുത്തു വീണ്ടെടുത്തു

കാലയവനികയുടെ മൂടുപടം അഴിച്ചെടുത്തു

ഇണക്കവും പിണക്കവും

# കോർത്തുവച്ച മണിമുത്തുമാല..............

കുന്നിൻ  മുകളിലെ  സൂര്യനോ

താഴെ  വയലോരത്തെ  തടാകമൊ

ആര് ഇന്ന് വന്നെൻ ചെവിയിലോതും

നിന്നെ ഞാൻ ഓർത്തിരുന്നെന്ന്.............

കാലമെത്രകഴിഞ്ഞാലും പൂവുകൾകൊഴിഞ്ഞാലും

നാം നടന്ന വീഥികൾ തിളങ്ങി നിൽക്കും

വിളങ്ങി നിൽക്കും ഓർമ്മകളിൽ.................

അഞ്ജലി റെജി

9B

## കവിത

# ഒരു പുഷ്പത്തെയോർത്ത്

ചിന്നിച്ചിതറിയോ പൂവേ നിന്നിതളുകൾ
ചിന്നിച്ചിതറിയോ നിൻ വർണരേണുക്കൾ!

കാലം നിനക്കേകി മാഞ്ഞുപോയോ
കൊടിയ ദുഃഖത്തിൻ ഓർമ മാത്രം!
വിത്തായി നീയിപ്പോൾ മാറിനിൽപ്പൂ
ഒരു പുത്തൻ തലമുറ വാർത്തെടുക്കാൻ!
അഭിശപ്ത രാത്രി നിനക്കേകിയല്ലോ
കാലം വിദൂരത്ത് മാഞ്ഞുപോയി!

പല പല കനവുകൾ കണ്ടുമടുക്കാൻ നീ

മൊട്ടായി ചെടിയിൽ പിറന്നുവല്ലോ!

മൂകമാണ് നിൻ മുദ്ദചിത്തമെങ്കിലും

പരിമളമാണു നീ പാരിനേകുന്നത്!

രണ്ടുനാൾ മുമ്പു ഞാൻ കണ്ടു നിന്നെ

അന്നു നീയാടി മദിച്ച കാറ്റിൽ!

അശ്വിൻ നെജി

9A



# സ്വാതന്ത്ര്യം

*സ്വാതന്ത്രം ഇന്ത്യൻ ഭരണഘടനയിലെ മൂന്നാം ഭാഗത്തിൽ മൗലികാവകാശങ്ങളിൽ ഒന്നായ സ്വാതന്ത്ര്യത്തിനുള്ള അവകാശം. സ്വാതന്ത്രം എന്നത് എന്തു ചെയ്യാനുള്ള ഒരു മാർഗമായി തെറ്റി*

ദുരിക്കപ്പെടുന്നു. സ്വാതന്ത്ര്യം എന്നത് നമ്മുടെ അവകാശം മാത്രമല്ല. അതു നമ്മുടെ ഉത്തരവാദിത്വമാണ്.

സ്വാതന്ത്ര്യം ഒരു ഇരു തലയുള്ള വാളാണ്. സ്വാതന്ത്ര്യത്തെ മോചനം, സ്വതന്ത്രത, ചിന്താസ്വാതന്ത്ര്യം എന്നിങ്ങനെ നിർവചിക്കാം . എന്താണ് നമ്മുടെ ഉത്തരവാദിത്വ പൂർണമായ സ്വാതന്ത്ര്യം. നമ്മുടെ സമൂഹത്തിലേയും ചുറ്റുപാടുകളിലേയും നമ്മൾ ആയിരിക്കുന്ന സ്ഥലങ്ങളിലും നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ഉണ്ട്. മറ്റുള്ളവരെ സഹായിക്കുക ,സ്നേഹിക്കുക,പരിപാലിക്കുക എന്നതാണ്.

ഇന്ന് നമ്മുടെ സ്വാതന്ത്ര്യത്തിന്മേൽ കടന്നു കയറ്റം നടക്കുന്നു. നമ്മുടെ സ്വാതന്ത്ര്യത്തെ കുച്ചുവിലങ്ങിടുകയാണ്

ഗായൂസ് കെ തോമസ്

**9B**

# സൗന്ദര്യത്തിൽ കഥയില്ല

ഒരിടത്ത് ഒരു പച്ചമുളകും



തക്കാളിയും ഉണ്ടായിരുന്നു. അടുക്കളയിലാ യിരുന്നു ഇരുവരുടെയും താമസം. നിന്നെ കാണാൻ ഒരു ഭംഗിയുമില്ല. തക്കാളി എപ്പോഴും പച്ചമുളകിനെ കളിയാക്കും.

ഒരു ദിവസം വികൃതിയായ എലികുട്ടൻ അടുക്കളയിലെത്തി ,ഹയ്യട ഇവനെ ഒന്നു കടിക്കാം. ചുവന്നു തുടുത്ത തക്കാളിയെ കണ്ട എലികുട്ടൻ ഓടി വന്നു. തക്കാളി ഉറക്കെ കരഞ്ഞു, അയ്യോ

കരച്ചിൽ കേട്ട് പച്ചമുളക് ഓടിയെത്തി.

എലിക്കുട്ടൻ പച്ചമുളകിനെ ഒറ്റക്കടി. അയ്യോ എരിയുന്നേ.....

എലിക്കുട്ടൻ കരഞ്ഞുകൊണ്ട് ഓടടാ ഓട്ടം. എല്ലാവർക്കും ഓരോ കഴിവുകളുണ്ടെന്ന് ഞാൻ ഓർത്തില്ല , നീ എന്നോട് ക്ഷമിക്കണേ... തക്കാളി പറഞ്ഞു .

ജെയ്ൻ റ്റി അജി

9A



# കുളിർമഴ

കുളിരേകുന്നൊരു  മഴയാണെ

എല്ലാവർക്കും  ഇഷ്ടമാണ്

മരങ്ങളേയും  ചെടികളേയും

എല്ലാവരേയും  നനച്ചിട്ടും

കാറ്റിൽ ആടിയുലയുന്ന

മരച്ചില്ലകളിൽ തട്ടി

കുളിരായി  പെയ്യുന്ന

നവ  മഴത്തുള്ളികൾ

കാർമേഘക്കൂട്ടങ്ങളിൽ

ഒന്നായി ഒത്തൊരുമിച്ച്

ശക്തിയായി പെയ്യുന്ന

**പുതുമഴ തുള്ളികൾ**

മഴക്കാലമായാൽ മാക്രികൾക്കും

മീനുകൾക്കും  സന്തോഷമാണ്

വേനൽ ചൂടും പൊടികാറ്റും

മറയുകയായ് വീണ്ടുമൊരു മഴക്കാലം വരവായ്

മഴ തോരാതെ പെയ്യുന്ന

അരുവിയിലും പുഴയിലും

കുട്ടികൾ കടലാസ് വള്ളം

ഒഴുക്കിവിടുന്നത് കാണാൻ നല്ല രസമാണ്

തങ്ങളുടെ സങ്കടങ്ങൾ  ആരും

അറിയുന്നില്ല, അതുകൊണ്ട്

തന്നെ തങ്ങളുടെ സങ്കടങ്ങൾ

വിവരിക്കുകയാണ് മഴത്തുള്ളികൾ

എപ്പോൾ വേണമെലും പെയ്തിടും

ചെറിയൊരു മഴയാണ്

വലുതായി പെയ്യുന്നതാണ്

ആ മധുരമുള്ള കുളിർമഴ

ജാനറ്റ് ജോൺസൺ

9B

# കാർമുകിലിൻെറ കണ്ണീർ

കാർമുകിലിൻെറ കണ്ണിലെ
കണ്ണുനീരാണവൾ.
പ്രകൃതിതൻ സംതൃപ്തിയാണവൾ.
വിണ്ണിൽനിന്ന് മണ്ണിനെ
തളിരണിയിക്കുകയാണവൾ.
രശ്മികളേറ്റ വലഞ്ഞിരിക്കുന്നൊരി
പ്രിത്വിതൻ പ്രാർത്ഥനയാണിവൾ.
സന്തോഷമെന്നാൽ ഇവൾക്ക്
മാരിയാണെങ്കിലും
ക്രോധാഗ്നിയുണ്ടിവൾക്കേറെയേറെ.
സർവസംഹാരം നടത്തിടും ഇവൾ
തൻെറ അശ്രുവാൽ
ലോകമെങ്ങുമെങ്ങും.



*ലോകത്തിൻ ധാത്രി-*

*യാണെങ്കിലും നീ*

*ലോകസംഹാരകർമ്മവും ചെയ്യുന്നവൾ.*

*-അലൻസിയ സാബു, 9 A*

# യഥാർഥ സുഹൃത്ത്



മഞ്ചാടിമല എന്ന സ്ഥലത്ത് തമ്പുരുതത്തയും കാവതികാക്കയും താമസിച്ചിരുന്നു. മുത്തുമുത്തശ്ശൻമാരുടെ കഥപോലെ കാക്കകൾ തങ്ങളുടെ ശത്രുക്കളാണെന്ന് തമ്പുരു തെറ്റുധരിച്ചു. പക്ഷെ കാവതിക്ക് തമ്പുരുവിനെ വലിയ ഇഷ്ടമായിരുന്നു. തമ്പുരു മുട്ടയിടുന്ന സമയങ്ങളിൽ കാവതി മഞ്ചടിയിലേക്ക് പോയിരുന്നതേയില്ല. അങ്ങനെയിരിക്കെ തമ്പുരു മുട്ടയിട്ടു , വിരിഞ്ഞു കുഞ്ഞുങ്ങൾ പുറത്തുവന്നു. കാവതി വരുമെന്നും അവൾ തന്റെ കുഞ്ഞുങ്ങളെ ഉപദ്രവിക്കുമെന്നോർത്ത് തമ്പുരു കൂടുവിട്ട് പുറത്തേക്ക് പോയതേയില്ല. അ ങ്ങനെ ഒരു ദിവസം... രണ്ട് ദിവസം.....എന്നിങ്ങനെ ദിവസങ്ങൾ നീണ്ടുപോയി. ഒടുവിൽ തന്റെ പിഞ്ചുപൈതങ്ങൾ തന്നെവിട്ടു പോകാറായപ്പോൾ തമ്പുരുവിന് കുഞ്ഞുങ്ങൾക്കു നൽകാൻ ഉപ്പുചുവയുള്ള

വെറും കണ്ണുനീർ മാത്രമായി. അവസാനം അവൾ തീറ്റക്കായി ഉൾക്കാട്ടിലേക്കുപോയി. ഇതിനായി തക്കം പാർത്തിരുന്ന ചിന്നൻകഴുകൻ തമ്പുരുവിന്റെ കൂട്ടിലേക്ക് പറന്നടുത്തു. ഇതുകണ്ട കാവതി അവനുമായി പൊരുതി. അവശനായ കഴുകൻ കൂട്ടിൽനിന്നും താഴേക്കുവീണു. കാവതിയും അതീവ അവശയായി. കണ്ണുതുറക്കാൻ പോലും ജീവനില്ലാത്ത തമ്പുരുവിന്റെ കുഞ്ഞുങ്ങളെ കണ്ടിട്ട് അവൾക്ക് സഹിക്കാനായില്ല. കാവതി സ്വയം തന്റെ മാറുതുളച്ച് വാത്സല്യത്തിന്റെ രക്ത തുള്ളികൾ കുഞ്ഞുങ്ങൾക്കായി നൽകി തീറ്റശേഖരിച്ച

തിരിച്ചുവരുന്ന വഴി ചിന്നൻകഴുകൻ തന്റെ കൂടിനുകീഴിൽ കിടക്കുന്നതു കണ്ട തമ്പുരു സ്തംഭിച്ചുനിന്നു പോയി. അവൾ കൂടിന്നടുത്തേക്ക് പാഞ്ഞടുത്തു അപ്പോൾ രക്തത്തിൽ വാർന്നു കിടക്കുന്ന കാവതിയെ അവൾ കണ്ടു. സത്യം തിരിച്ചറിഞ്ഞ തമ്പുരു പെട്ടെന്നു തന്നെ പച്ച മരുന്നുകൾ കൊണ്ടുവന്ന് കാവതിയുടെ മുറിവിൽ വച്ചു.അവളെ ശുശ്രൂഷിച്ചു. ദിവസങ്ങൾക്കു ശേഷം മുറിവുണങ്ങി.പിന്നീടവർ ഉറ്റസുഹൃത്തുക്കളായി ജീവിച്ചു......

-അലൈൻ പി. ജാൻ

7C

# മയക്കമരുന്നിനാൽ നശിക്കപ്പെടുന്ന സമൂഹം



സമൂഹത്തിൽ മയക്കമരുന്നിന്റെ ഉപയോഗം വളരെയധികം വർധിച്ചുവരുന്നു. ഈ ഉപയോഗം മൂലം സമൂഹം മാനസികനില തെറ്റിയവരെ പോലെ പ്രവർത്തിക്കുകയും കൊലപാതകങ്ങൾ ചെയ്യുവാൻ ഇടയാവുകയും ചെയ്യുന്നു.

പുതിയ തലമുറയെ ആണ് ഇത് കൂടുതൽ ബാധിക്കുന്നത് യുവാക്കൾക്കിടയിൽ നിന്നും സ്കൂൾ കുട്ടികൾക്കിടയിൽ വരെ എത്തിനിൽക്കുന്നു. മുതിർന്ന കുട്ടികളിൽ ഇത് പല രൂപങ്ങളിൽ ആണ് എത്തുന്നത് അവരുടെ സ്വഭാവം ഇത് കഴിക്കുന്നതോടെ മാറുന്നു. പണം കൊടുത്താലെ മരുന്ന് ലഭിക്കുകയുള്ളൂ അതുകൊണ്ട് അവർ ഏതു രൂപത്തിലും പണം

ഉണ്ടാക്കാൻ ശ്രമിക്കുന്ന ആദ്യമാദ്യം മാതാപിതാക്കളുടെ

പേഴ്സിൽനിന്ന് മോഷടിക്കുന്നു

പിന്നീട്സമൂഹത്തിനിടയിനിന്നുപോലും ഇത് അവരുടെ

ജീവിതരീതി തന്നെ മാറ്റുന്നു. മയക്കുമരുന്നിന്റെ ഉപയോഗം

മൂലം അവർ തെറ്റായ വഴികളിലൂടെ സഞ്ചരിക്കുന്നു . പുതിയ

തലമുറയിൽ ആൺ പെൺ ഭേദമന്യോന്യം

മയക്കുമരുന്നുപയോഗിക്കുന്നു.ഇന്നത്തെ സമൂഹത്തെ

മയക്കുമരുന്നിന്റെ പിടിയിൽ നിന്ന് രക്ഷിച്ചെടുക്കേണ്ടത്

നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യമാണ്. അതിനായി

നമ്മൾ ഒരുപാട് പരിശ്രമിക്കേണ്ടതായി വരും ഇനി വരുന്ന

തലമുറയെ എങ്കിലും നമുക്ക് മയക്കുമരുന്നിന്റെ

പിടിയിലകപ്പെടാതെ സംരക്ഷിക്കാം.

*ആൽവിൻ സജിമോൻ,9B*

# ജലസംരക്ഷണം




നമ്മുടെ, ജീവന്റെ നിലനിൽപ്പിന് അതിപ്രധാനമായ സ്ഥാനമാണ് ജല ത്തിനുള്ളത്. കുടിക്കാനും,കുളിക്കാനും എന്നു വേണ്ട എല്ലാത്തിനും ജലം അത്യാവശ്യമാണ്നമ്മുടെ ജീവിതത്തിന്.എന്നാൽ ഇന്നത്തെ ജീവിതരീതിയിൽ വന്നിരിക്കുന്ന മാറ്റങ്ങൾമൂലം ജലത്തിന്റെഉപയോഗത്തിൽ വളരെഅധികം മാറ്റം

വന്നിരിക്കുന്നു.കൂടാതെ ഉള്ളത് മലിനപ്പെടുകയും ചെയ്യുന്നു.ഇത് മൂലം ശുദ്ധജലത്തിന്റെ ലഭ്യതയിൽകുറവ് വന്നിരിക്കുന്നു. ആയിതിനാൽ ഇന്നത്തെ തല മുറക്ക് നിത്യ ഉപയോഗസാ-ധങ്ങൾ പണം കൊടുത്ത് വാങ്ങേണ്ട-സ്ഥിതിവിശേഷണമാണുള്ളത്.നമ്മുടെ പുതിയ തലമുറക്ക്ഇനിയുള്ള ജീവിതം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ഇതിനൊരു മാറ്റംവരേണ്ടിയിരിക്കുന്നു.അതിനായി ഇനിയെങ്കിലും നമ്മൾ ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.അതിനായി നാംനമ്മുടെ വീട്ടിൽ നിന്ന് തന്നെ തുടക്കം കുറിക്കണം.പണ്ട് കാലങ്ങളിൽ വീടുകളിൽടാപ്പ് ഉണ്ടായിരുന്നില്ല.അന്നൊക്കെഅലക്കുന്നതും ഒക്കെ പാത്രത്തിൽ വെള്ളംഎടുത്തായിരുന്നു.എന്നാൽ ഇന്ന് ടാപ്പിന്റെയു ഷവറിന്റെയും ,വാഷിംഗ് മെഷിന്റേയും

ഉപയോഗത്തില്ലൂടെ അധികം ജലം പാഴാക്കി കളയുന്നു. പാത്രം കഴുകുമ്പോഴും അലയ്ക്കുമ്പോൾ ഉണ്ടാകുന്നതുമായ വെള്ളം പച്ചക്കറികളും മറ്റും നനയ്ക്കുന്നതിന് ഉപയോഗിക്കാം.അതുപോലെ പല്ല് തേക്കു-

മ്പോൾ ടാപ്പ് തുറന്നിട്ട് കഴുകുന്നതിനുപകരം ഒരു കപ്പിലോ,ഗ്ലാസ്സിലോ വെള്ളംഎടുത്ത് കഴുകിയാൽ വെള്ളത്തിന്റെ ദുരുപയോഗം ഒഴിവാക്കുന്നതാണ്. മഴ

പെയ്യുമ്പോൾ നമ്മുടെ ഭൂമിയിൽ പതിക്കുന്ന വെള്ളം മഴകുഴികൾ നിർമ്മിച്ച് മണ്ണിലേക്ക് താഴുത്തുകയും അതുപോലെ കിണറുകളുംകുളങ്ങളും റീചാർജ് ചെയ്യുന്നതും വഴി മഴവെള്ളം സംഭരിക്കാം.അതുപോലെ തന്നെ ചെറിയ ചാലുകളിലും,തോടുകളിലും വേന തടയണകൾ നിർമ്മിച്ച് ജലം സംഭരിച്ച് വേനൽ കാലങ്ങളിൽ കൃഷിക്കും മറ്റും ഉപയോഗിക്കാം.നാം വലിച്ചെറിയുന്ന മാലിന്യങ്ങൾ

മഴവെള്ളത്തിലൂടെഒഴുകികുളങ്ങളിലൂം,തോടുകളിലും,പുഴകളിലു ം ചെന്നു അതു മലിനജലമായി മാറുന്നു.അതിനാൽ മാലിന്യങ്ങൾ വലിച്ചെറിയാതെ സംസ്കരിക്കുന്നത് വഴി ഇവ മലിനമാകാതെ സംരക്ഷിക്കാനും ജൈവമാലിന്യങ്ങൾ സംസ്കരിച്ച് അത് വളമായി ഉപയോഗിക്കുവാനും സാധിക്കുന്നു.നമ്മുടെ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽ നേരിടുന്ന കുടിവെള്ള ക്ഷാമം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാൻ നമുക്ക് ദൈവം കനിഞ്ഞു തന്നിരിക്കുന്ന ജലസ്രോതസ്സുകളെ മലിനമാക്കാതെയും ജലത്തിന്റെ അമിത ഉപയോഗം കുറക്കുകയും ചെയ്യണം.കിണറുകളും കുള-ങ്ങളും ശുചിയാക്കിയും ജലത്തെ നമ്മുടെ സ്വന്തം സ്വത്തായി സംരക്ഷിക്കാം.

അനാമിക ഷിബു

*9B*

# കുടുംബം



ബഹുമാനപ്പെട്ട അധ്യാപകർ,എൻെറ പ്രിയപ്പെട്ട സുഹൃത്തുക്കളെ,

കുടുംബം,അത് സമൂഹത്തിൻെറ ഏറ്റവും ഉറപ്പുള്ള അടിത്തറയാണ്.സ്നേഹവും സഹകരണവും സമാധാനവു നിറഞ്ഞുനിൽക്കേണ്ട ഇടമാണ് കുടുംബം. നിർഭാഗ്യവശാൽ കുടുംബ ബന്ധത്തിനു പണ്ടത്തെ ദൃഢതയിന്നില്ല. എന്നാൽ വിവേകത്തോടെ പ്രവർത്തിച്ചാൽ തീർച്ചയായും ശാന്തിയും സമാധനവും വീണ്ടെടുക്കാനാകും. സ്നേഹത്തിൻെറ ചൂട് നമ്മുടെ

കുടുംബങ്ങളിൽ നിറക്കുകയാണ് ഇതിൻെറ പരിഹാരം. അങ്ങനെ ഈ ലോകത്ത് നമ്മുക്ക് നല്ല മനുഷരെ സൃഷടിക്കാനാകും.ഇത്രയും പറഞ്ഞു കൊണ്ട് ഞാനെൻെറ വാക്കുകൾ നിർത്തുന്നു


നന്ദി.

നമസ്കാരം.

*- ആഞ്ജലീന ബേബി*

*9A*

# നമുക്കും മാതൃകയാകാം



ഒരിക്കൽ രണ്ടുശിഷ്യന്മാർ തന്റെ

ഗുരുക്കന്മാരുടെ അതുല്യമായ

കഴിവിനെക്കുറിച്ച്

വാക്ക്തർക്കത്തിലേർപ്പെട്ടിരിക്കുകയായിരുന്നു.

അതിൽ ഒന്നാമൻ:എന്റെ ഗുരുവിന് പല അത്ഭുതങ്ങൾ ചെയ്യാൻ

സാധിക്കും. അദ്ദേഹം വായുവിൽ എഴുതും, കിണറ്റിലെ

വെള്ളംകുടിച്ചുവറ്റിക്കും,അഗ്നിയിലൂടെ നടക്കും.എന്നാൽ നിന്റെ ഗുരു

ഏതൊക്കെ അത്ഭതങ്ങൾ ചെയ്യും?

രണ്ടാമൻ :എന്റെ ഗുരു ധാരാളം അതിശയപ്രവൃത്തികൾ ചെയ്യും.

അദ്ദേഹംക്ഷീണംവന്നാൽ കിടക്കും, കിടന്നാൽ ഉടനെ ഉറങ്ങും,

വിശക്കുമ്പോൾ ഭക്ഷണം കഴിക്കും!. ഇതിനെല്ലാം ഗുരു എന്നെയും

ഒപ്പം ചേർക്കും. ഇതെല്ലം കേട്ടപ്പോൾ രണ്ടാമന് ആശ്ചര്യവും

പുച്ഛവും തോന്നി. ഒന്നാമൻ രണ്ടാമനെ പരിഹസിച്ചു.

ജനത്തിന്റെ ഇടയിൽ കഴിവ് പ്രകടിപ്പിച്ച് ആകർഷണീയതയും പ്രീതിയും പിടിച്ചുപറ്റി പ്രശസ്തരാകുന്നവർ സമൂഹത്തെ കബളിപ്പിച്ചെന്നിരിക്കാം. എന്നാൽ മറ്റുള്ളവരുടെ കഴിവുകൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കുകയും അറിവ് പകർന്നുനൽകുകയും ചെയ്യുന്നവരുടെ കഴിവുകൾ സമൂഹം അംഗീകരിക്കുകയും മാനിക്കുകയും ചെയ്യും.

ആൻ മരിയ അജേഷ്

9B

# അമ്മ തന്ന സമ്മാനം



മീനക്കുട്ടിയുടെ ജന്മദിനമാണിന്ന്.ആറുവയസ്സുകാരിയായ അവൾ രാവിലെ കുളിച്ചൊരുങ്ങി അമ്പലത്തിൽ പോകാൻ ഒരുങ്ങുകയാണ്.ഈ ജന്മദിനത്തിലും എന്റെ മകൾക്ക് ഒരു പുത്തനുടുപ്പ് വാങ്ങിക്കൊടുക്കാൻ എനിക്കായില്ലല്ലോ... അച്ഛൻ സതീശൻ അവളെ നോക്കി നെടുവീർപ്പിട്ടു.

ആറുവയസ്സിനിടെ ദാരിദ്ര്യത്തിന്റെ മുഖം നല്ലവണ്ണം അനുഭവിച്ചാണ് മീനക്കുട്ടി വളർന്നത്.ഒരിക്കൽപോലും പുത്തനുടുപ്പോ കളിപ്പാട്ടങ്ങളോ ചോദിച്ച് അച്ഛനെ അവൾ ബുദ്ധിമുട്ടിച്ചിട്ടില്ല.അന്നന്നത്തെ അന്നത്തിനായി ബുദ്ധിമുട്ടുന്ന അച്ഛന്റെ ഇല്ലായ്മകൾ മനസ്സിലാക്കിയാണ് അവൾ വളരുന്നത്.അമ്മിഞ്ഞപ്പാല്ല് നുണയാൻ പോലും ഭാഗ്യം ലഭിക്കാത്തവളാണ് മീനക്കുട്ടി.അവളുടെ ജനനത്തോടെ അമ്മ മരിച്ചു.അന്ന് ആളുകൾ പറഞ്ഞു.സ്വന്തം അമ്മയുടെ ജീവൻ എടുത്തുകൊണ്ട് അവതരിച്ചതല്ലേ,ഗുണം പിടിക്കില്ല എന്ന്.

അച്ഛൻ അവളെ ജീവനുതുല്യം സ്നേഹിച്ചു.അവൾ അച്ഛനെയും.രാത്രിയിൽ അച്ഛന്റെ മടിയിൽ കിടന്ന് കഥകൾ കേട്ടാണ് അവൾ ഉറങ്ങുന്നത്. ഈ ജന്മദിനത്തിലെങ്കിലും അവൾക്കൊരു പുത്തനുടുപ്പ് വാങ്ങണമെന്ന കരുതിയ സതീശന് അത് സാധിക്കാത്തതിൽ നിരാശ തോന്നി.ഒരു പക്ഷേ അവൾ തന്നെ വെറുക്കുന്നുണ്ടാവാം.കൂട്ടുകാരൊക്കെ പിറന്നാൾദിനത്തിൽ പുത്തനുടുപ്പും മിഠായിപ്പൊതികളുമായി സ്കൂളിലെത്തുമ്പോൾ എന്റെ മകൾ മാത്രം...

മീനുക്കുട്ടിയുടെ കാലൊച്ചകൾ കേട്ട് സതീശൻ ചിന്തയിൽ നിന്നുണർന്നു.അമ്പലത്തിൽ നിന്ന് തിരിച്ചെത്തിയ അവൾ അച്ഛനോട് ഒന്നും മിണ്ടാതെ അകത്തേയ്ക്കുപോയി.അന്ന് മുഴുവൻ അവൾ മൗനിയായിരുന്നു.രാത്രി ഭക്ഷണത്തിനിരുന്നപ്പോഴും അവൾ ഒന്നും മിണ്ടിയില്ല.വാതോരാതെ സംസാരിക്കാറുള്ള അവളുടെ മൗനം സതീശനെ നിരാശനാക്കി.ഭക്ഷണം കഴിച്ചെന്നുവരുത്തി സതീശൻ കിടക്കയിലേക്കു പോയി.

അൽപം കഴിഞ്ഞപ്പോൾ അവൾ വന്ന് അച്ഛന്റെ അരികിൽ കിടന്നു.അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് സതീശൻ കണ്ടു.

വിങ്ങുന്ന വാക്കുകളോടെ അവൾ ചോദിച്ചു.അച്ഛന്റെ സഖിയെ ഇല്ലാതാക്കിക്കൊണ്ട് ഭൂമിയിലേക്ക് വന്ന എന്നോട്

അച്ഛന് ദേഷ്യമുണ്ടോ?ചോദ്യം മുഴുപ്പിക്കുന്നതിനു മുൻപ് സതീശൻ അവളുടെ വായ് പൊത്തി.അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.ഒരു പക്ഷേ ഇന്നത്തെ തന്റെ മൗനമായിരിക്കാം അവളെ കൊണ്ട് ഇങ്ങനെ ചോദിപ്പിച്ചത്.സതീശൻ ഓർ ത്തു.ഒരിക്കലുമില്ല മോളെ.ഇന്ന്
മോൾടെ പിറന്നാൾ ആയിട്ട് അച്ഛന് ഒന്നും വാങ്ങിത്തരാൻ പറ്റാത്തതിന്റെ വിഷമമെയുള്ളൂ.മോളുടെ അമ്മയുണ്ടായിരുന്നെങ്കിൽ ഇന്ന് മോൾക്ക് സമ്മാനം തന്നേനെ.മീനുക്കുട്ടിയെ കെട്ടിപ്പിടിച്ചുകൊണ്ട് സതീശൻ പറഞ്ഞു.

അച്ഛാ,എന്റെ അമ്മ എനിക്ക് തന്ന ഏറ്റവും വലിയ സമ്മാനമല്ലേ എന്റെ ഈ അച്ഛൻ.

മീനുക്കുട്ടി അച്ഛന്റെ കവിളിൽ സ്നേഹത്തോടെ ചുംബിച്ചു.......മീനുക്കുട്ടിയുടെ ജന്മദിനമാണിന്ന്.ആറുവയസ്സുകാരിയായ അവൾ രാവിലെ കുളിച്ചൊരുങ്ങി അമ്പലത്തിൽ പോകാൻ ഒരുങ്ങുകയാണ്.ഈ ജന്മദിനത്തിലും എന്റെ മകൾക്ക് ഒരു പുത്തനുടുപ്പ്

വാങ്ങിക്കൊടുക്കാൻ എനിക്കായില്ലല്ലോ... അച്ഛൻ സതീശൻ അവളെ നോക്കി നെടുവീർപ്പിട്ടു.

ആറുവയസ്സിനിടെ ദാരിദ്ര്യത്തിന്റെ മുഖം നല്ലവണ്ണം അനുഭവിച്ചാണ് മീനക്കുട്ടി വളർന്നത്.ഒരിക്കൽപോലും പുത്തനുടുപ്പോ കളിപ്പാട്ടങ്ങളോ ചോദിച്ച് അച്ഛനെ അവൾ ബുദ്ധിമുട്ടിച്ചിട്ടില്ല.അന്നന്നത്തെ അന്നത്തിനായി ബുദ്ധിമുട്ടുന്ന അച്ഛന്റെ ഇല്ലായ്മകൾ മനസ്സിലാക്കിയാണ് അവൾ വളരുന്നത്.അമ്മിഞ്ഞപ്പാലു നുണയാൻ പോലും ഭാഗ്യം ലഭിക്കാത്തവളാണ് മീനക്കുട്ടി.അവളുടെ ജനനത്തോടെ അമ്മ മരിച്ചു.അന്ന് ആളുകൾ പറഞ്ഞു.സ്വന്തം അമ്മയുടെ ജീവൻ എടുത്തുകൊണ്ട് അവതരിച്ചതല്ലേ,ഗുണം പിടിക്കില്ല എന്ന്.

അച്ഛൻ അവളെ ജീവനുതുല്യം സ്നേഹിച്ചു.അവൾ അച്ഛനെയും.രാത്രിയിൽ അച്ഛന്റെ മടിയിൽ കിടന്ന് കഥകൾ കേട്ടാണ് അവൾ ഉറങ്ങുന്നത്. ഈ ജന്മദിനത്തിലെങ്കിലും അവൾ

ക്കൊരു പുത്തനുടുപ്പ് വാങ്ങണമെന്ന കരുതിയ സതീശന് അത് സാധിക്കാത്തതിൽ നിരാശ തോന്നി.ഒരു പക്ഷേ അവൾ തന്നെ വെറുക്കുന്നുണ്ടാവാം.കൂട്ടുകാരൊക്കെ പിറന്നാൾദിനത്തിൽ പുത്തനുടുപ്പും മിഠായിപ്പൊതികളുമായി സ്കൂളിലെത്തുമ്പോൾ എന്റെ മകൾ മാത്രം...

മീനുക്കുട്ടിയുടെ കാലൊച്ചകൾ കേട്ട് സതീശൻ ചിന്തയിൽ നിന്നുണർന്നു.അമ്പലത്തിൽ നിന്ന് തിരിച്ചെത്തിയ അവൾ അച്ഛനോട് ഒന്നും മിണ്ടാതെ അകത്തേയ്ക്കുപോയി.അന്ന് മുഴുവൻ അവൾ മൗനിയായിരുന്നു.രാത്രി ഭക്ഷണത്തിനിരുന്നപ്പോഴും അവൾ ഒന്നും മിണ്ടിയില്ല.വാതോരാതെ സംസാരിക്കാറുള്ള അവളുടെ മൗനം സതീശനെ നിരാശനാക്കി.ഭക്ഷണം കഴിച്ചെന്നുവരുത്തി സതീശൻ കിടക്കയിലേക്കു പോയി.

അൽപം കഴിഞ്ഞപ്പോൾ അവൾ വന്ന് അച്ഛന്റെ അരികിൽ കിടന്നു.അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് സതീശൻ കണ്ടു.

വിങ്ങുന്ന വാക്കുകളോടെ അവൾ ചോദിച്ചു.അച്ഛന്റെ സഖിയെ ഇല്ലാതാക്കിക്കൊണ്ട് ഭൂമിയിലേക്ക് വന്ന എന്നോട് അച്ഛന് ദേഷ്യമുണ്ടോ?ചോദ്യം മുഴപ്പിക്കുന്നതിനു മുൻപ് സതീശൻ അവളുടെ വായ് പൊത്തി.അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.ഒരു പക്ഷേ ഇന്നത്തെ തന്റെ മൗനമായിരിക്കാം അവളെ കൊണ്ട് ഇങ്ങനെ ചോദിപ്പിച്ചത്.സതീശൻ ഓർത്തു.ഒരിക്കലുമില്ല മോളെ.ഇന്ന് മോൾടെ പിറന്നാൾ ആയിട്ട് അച്ഛന് ഒന്നും വാങ്ങിത്തരാൻ പറ്റാത്തതിന്റെ വിഷമമെയുള്ളൂ.മോളുടെ അമ്മയുണ്ടായിരുന്നെങ്കിൽ ഇന്ന് മോൾക്ക് സമ്മാനം

തന്നേനെ.മീനക്കുട്ടിയെ കെട്ടിപ്പിടിച്ചുകൊണ്ട് സതീശൻ പറഞ്ഞു.

അച്ഛാ,എന്റെ അമ്മ എനിക്ക് തന്ന ഏറ്റവും വലിയ സമ്മാനമല്ലേ എന്റെ ഈ അച്ഛൻ.

മീനക്കുട്ടി അച്ഛന്റെ കവിളിൽ സ്നേഹത്തോടെ ചുംബിച്ചു.......

ആഷ്മി

*9C*



# വിലാപം

ഒരു പൂങ്കുയിലിൻെറ പാട്ടൊന്ന്
കേൾക്കാൻപുലർവേളയൊന്ന് കൊതിച്ചു.
ഒരു ചില്ലയൊന്നു തഴുകി തലോടാൻ
തളിരിളം കാറ്റും കൊതിച്ചു.

ഒരു കുഞ്ഞു പൂവിൻെറ മധുരം നുകരാൻ
പൂമ്പാറ്റയൊന്നു കൊതിച്ചു.
ഒരു ചെറുചോലയിൽ നീന്തിതുടിക്കുവാൻ
ഒരു കുഞ്ഞുമീനും കൊതിച്ചു.

വെയിൽ ചാഞ്ഞു ,പകലിൻെറ ആർദ്രമാം
അലിവോടെ നോക്കിയ സന്ധ്യ ചൊല്ലി;
ഇനിയെത്ര രാവുകൾ കുളിരില്ല........മഴയില്ല....
രാക്കിളി പാട്ടില്ല .......

-ബ്രിറ്റി രാജു

9A

# മഴമുത്തുകൾ



മാനത്തുണ്ടൊരു കാർമേഘം
ഓടിനടക്കും കാർമേഘം
ചന്നം പിന്നം ചിതറുന്നു
മണിമുത്തായി പൊഴിയുന്നു.
പുഴയും തോടും കാട്ടാറും
പാടവരമ്പും വയലുളും
നിറയുന്നേ കരകവിയുന്നേ
മാക്രിക്കൂട്ടം കരയുന്നേ.
പാടവരമ്പത്ത് ഓടിനടക്കും
പൂമ്പാറ്റകളാം കുട്ടികളും
മഴയത്തങ്ങനെ തുള്ളുന്നു
കാറ്റത്തങ്ങനെ പാടുന്നു.

-എലിസബത്ത് പി.റ്റി

9B

# അസ്തമയ സൂര്യൻ



ചെമ്മഞ്ഞക്കൊടി പാറിച്ച്

പടിഞ്ഞാറോട്ട് മറയുമ്പോൾ

ഓർക്കുക നാം

സൂര്യന്റെ മായലീലകളെ .

അന്തിവെയിലേറ്റ് നാം

ഊർജ്ജസ്വലരാകുമ്പോൾഓർക്കുക,

ശൈത്യകാലമെത്തിയാൽ

നമുക്കാസ്വദിക്കാനാവില്ല

ഈ മായലീലകൾ .

പ്രകൃതിതൻ പുണ്യമായ്

ജൻമമെടുത്ത സൂര്യനെ

നാം മറക്കരുതൊരിക്കലും .

സൂര്യരശ്മികളാൽ ധന്യയാകും ഭൂമി,

നീ എന്തിനു സൂര്യനെ മറയ്ക്കുന്നു?

നിൻ ഭംഗി തെളിച്ചുകാട്ടും സൂര്യനെ

നീ എന്തിനു വിണ്ണിലേക്കു പറഞ്ഞയക്കുന്നു?

-എമിനമോൾ എൽദോസ്

9C

# പഠിച്ചതേ പാടൂ



കിണറ്റുക്കരയിലെ മരക്കൊമ്പിലാണ് മിന്നു തത്ത

താമസിച്ചിരിന്നത്.വൈകുന്നേരമായാൽ കിണറ്റിനുള്ളിൽ നിന്നുള്ള

കുട്ടൻ തവളയുടെ വീമ്പടി മിന്നു തത്തക്ക് സഹിക്കാൻ

കഴിയില്ലായിരുന്നു.ഈ കിണറാണ് ലോകത്തിലെ ഏറ്റവും വലുത്

എന്നും ലോകം തന്നെ ഈ കിണറാണെന്നുമായിരുന്നു കുട്ടൻ തവളയുടെ

വീമ്പടി.ഒരു ദിവസം മിന്നുതത്ത കുട്ടൻതവളയോട് പറഞ്ഞു. 'നീ വിളിച്ചു

പറയുന്നതല്ല ശരി. നീ അറിയാത്ത വളരെ കാര്യങ്ങൾ ലോകത്തിലുണ്ട്.

സംശയമുണ്ടെങ്കിൽ നിന്നെ ഞാൻ അതൊക്കെ കൊണ്ടുപോയി

കാണിക്കാം. അപ്പോൾ നിനക്ക് വിശ്വാസം വരുമല്ലോ? കുട്ടൻതവള

സമ്മതിച്ചു. മിന്നുതത്ത കുട്ടൻതവളയെ പുറത്തിരുത്തി കാടും, മലയും,

പുഴയും അങ്ങനെ പ്രകൃതിസൗന്ദര്യം മുഴുവൻ കാണിച്ചുകൊടുത്തു. എല്ലാം

കണ്ടുകഴിഞ്ഞശേഷം കുട്ടൻതവളയോട് മിന്നുതത്ത ചോദിച്ചു :

'ഇപ്പോൾ എങ്ങനെയുണ്ട്? ഇനി നീ പറ, നിന്റെ കിണറാണോ ആറും പുഴകളുമൊക്കെ നിറഞ്ഞ ഈ പ്രകൃതിയാണോ ശരിക്കുമുള്ള ലോകം... എന്നാൽ കുട്ടൻതവള ഒന്നും മിണ്ടാതെ ഇളിഭ്യനായി കിണറിനെ ലക്ഷ്യമാക്കി തിരിഞ്ഞു നടന്നു. ഇതു കണ്ട് മിന്നുതത്ത വിചാരിച്ചു ഇനി ഈ വിഡ്ഢി ഒരിക്കലും പറയില്ല . ഈ ലോകത്തിൽ ഏറ്റവും വലുത് അവൻ താമസിക്കുന്ന കിണറാണെന്ന്.

എന്നാൽ മിന്നുതത്തക്ക് തെറ്റുപറ്റി. പിറ്റേന്ന് വൈകുന്നേരം മിന്നു മരക്കൊമ്പിലെ കൂട്ടിലിരിക്കുമ്പോൾ തവള പഴയതുപ്പോലെ തന്നെ വിളിച്ചുപറയുന്നത് കേട്ടു.ഈ ലോകത്തിൽ ഈ കിണറിനോളം വലുപ്പമുള്ള മറ്റൊന്നില്ല.ഇതുതന്നെയാണ് ഏറ്റവും വലുത്.നുണകൾ ആവർത്തിക്കപ്പെടുമ്പോൾ ചിലർ സത്യത്തിൽനിന്ന് അകന്നുപോകും.പഠിച്ചതേ പാടൂ എന്നാണല്ലോ പഴമൊഴി....

-ഹെലൻ

## കഥ

# തത്തമ്മ



ഒരിടത്ത് ഒരു കാട്ടിൽ ഒരു തത്തയുണ്ടായിരുന്നു. അത് ഒരു

തെങ്ങിൻ പൊത്തിൽ മുട്ടയിട്ടു. ഒരു ദിവസം.

ആ മുട്ടകൾ വിരിഞ്ഞു തത്ത ആ കുഞ്ഞുങ്ങളെ നോക്കിപുഞ്ചിരിച്ചു

കുഞ്ഞങ്ങൾ തത്തമ്മെ നോക്കി പുഞ്ചിരിച്ചു

ഒരു ദിവസം തത്ത കുഞ്ഞുങ്ങൾക്ക് തീറ്റ തേടാൻ കാട്ടിൽ

പോയപ്പോൾ ഒരു പാമ്പ് അത് കണ്ടു. അമ്മതത്ത പോയ

തക്കം നോക്കി പാമ്പ് വന്ന് കുഞ്ഞുങ്ങളെ വിഴുങ്ങി.

തത്ത തിരിച്ചു വന്നപ്പോൾ മുട്ട വിഴുങ്ങിയ പാമ്പ്

തെങ്ങിൻ ചോട്ടിൽ ഇരുന്നു ഉറങ്ങുന്നു.തത്ത കൂട്ടിൽ

നോക്കിയപ്പോൾ കുഞ്ഞങ്ങളെ കാണാനില്ല

അപ്പോൾ തത്തക്ക് മനസിലായി കുഞ്ഞങ്ങളെ

പാമ്പ് വിഴുങ്ങി എന്ന്.പതിയെ തത്ത തെങ്ങിൻ

മുകളിൽ നിന്ന് തത്ത പാമ്പിന്റെ തലയിലേക്ക്

തേങ്ങ കൊത്തിയിട്ടു അങ്ങനെ തത്ത കുഞ്ഞുങ്ങളെ

രക്ഷിച്ചു.

-ജീവൻ സി ബേബി

9A

# കവിത



## മഴ

" മഴത്തുള്ളികൾ പൊഴി  യുമാക്കാലത്തു-
യെൻവാടിയിലേക്ക് ഞാൻ നോക്കിയിരുന്നു.
ചെറുതുള്ളിയായെൻ ഉടലിൽ
വന്നുവീഴുന്ന തുള്ളിയെ
മഴയൊന്നുപെയ്താൽ മനസ്സൊന്നുതണക്കാൻ-
യെൻചിന്തകളൊന്നൊഴിഞ്ഞീടാൻ
ഒരു മഴമതിയെൻ ജീവിതത്തിൽ
മഴയെമഴയായിക്കാണുന്ന മനുഷ്യരോർക്കുക

ഇനിയും പെയ്യുമോ ഈ മഴ

എൻവാടിയിലെ പൂക്കളെക്കാൾ

എത്ര സൗന്ദര്യമെൻ മഴയെ കാണാൻ"

**-ജോയൽ ബേബി ജോൺസ്**

9A

# പ്രസംഗം



മാന്യസദസ്സിന് വന്ദനം,

ഞാനിവിടെ പറയാൻ പോകുന്ന കാര്യം നാമേവർക്കും പരിചയമുള്ളതാണ്,ഇന്റർനെ-റ്റ് ടെക്നോളജിയും.നാമുമായി ദിനംപ്രതി ബന്ധമു-ള്ളതാണ് ഇന്റർനെറ്റ്.  ഇന്നത്തെ സമൂഹത്തിൽ ഇന്റ-ർനെറ്റില്ലാതെ ഒരു വ്യക്തിക്ക് ഒരു ദിവസം കഴിഞ്ഞു കൂടാൻ വളരെ പ്രയാസമാണ്. ഇന്റർനെറ്റിന്  രണ്ടു വശങ്ങളുണ്ട്,നല്ല വശവും ദൂഷ്യ വശവും. കുട്ടികളായ ഞങ്ങൾക്ക് ഇന്റർനെറ്റ് എന്നു പറയുന്നത് ഒരു പഠന-സഹായിയാണ്. സാമൂഹിക മാധ്യമങ്ങളിലായി ഒട്ടേറെ

*പഠനസഹായികൾ ഇന്നുണ്ട്. അതിൽ പ്രധാനമായ ഒരു സഹായിയാണ് സമഗ്ര. 1 മുതൽ 12 വരെയുള്ള-വർക്കുള്ള എല്ലാ re-source-കളും സമഗ്രയിലുണ്ട്.*

*കേരളത്തിന്റെ IT പ്രാമുഖ്യത്തിനായി 2018-ൽ കേരള വിദ്യഭ്യാസ വകുപ്പ് സ്കൂളുകളിൽ ആവിഷ്കരിച്ച പദ്ധതിയാണ് ലിറ്റിൽ-കൈറ്റ്സ്. SAMAGRA,VICTERS,PHET-തുടങ്ങി നിരവധി ആപ്പുകൾ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നു. കൈറ്റി-ന്റെ വളർച്ചക്കനുസരിച്ച് കേരളത്തിലെ സ്കൂളുകളും ഹൈ-ടെക് ആകാൻ തുടങ്ങി, അതോടൊപ്പം കുട്ടികളും ഹൈ-ടെക് ആകാൻ തുടങ്ങി .*

*കുട്ടികൾക്ക്ബോറഡിയില്ലാതെയും അധ്യാപകർക്ക് എളുപ്പമായ രീതിയിലാണ് ഇന്നത്തെ വിദ്യഭ്യാസം.അതുകൊണ്ടുത-ന്നെ രാജ്യത്തെ*

വിദ്യഭ്യാസ തലത്തിൽ കേരള സം-സ്ഥാനം ഒന്നാം

സ്ഥാനം നിലനിർത്തുന്നു.IT രംഗത്ത്

ഇന്നത്തെ കുട്ടികൾ നല്ല പ്രാവീണ്യം നേടി കഴിഞ്ഞിട്ടു-

ണ്ട്. അവരിലൂടെ അവരുടെ മാതാപിതാക്കളും

പ്രാവീണ്യം നേടുന്നു.

അങ്ങനെ ഈ കേരള സംസ്ഥാനം മുഴുവൻ

IT പ്രാവീണ്യം നേടുമെന്ന് ആഗ്രഹിച്ചുകൊണ്ട്

എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

നന്ദി നമസ്കാരം.

-നന്ദൻ എം എസ്സ്

9A

# കേരളം പ്രകൃതി ദുരന്തങ്ങളുടെ നാട്

*പണ്ട് കേരളം പ്രകൃതിരമണീയമായിരുന്ന കേരളത്തിന്റെ സൗന്ദര്യം വിദേശികളും സ്വദേശികളും ആവോളം ആസ്വദിച്ചിരുന്നു. കവികളും കലാകാരന്മാരും ഏറെ പുകഴ്ത്തിയിട്ടുള്ള ഒന്നാണ് കേരളത്തിന്റെ പ്രകൃതിസൗന്ദര്യം.*



*ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് നമ്മുടെ കൊച്ചുകേരളത്തെ വിശേസഷിപ്പിച്ചിരിക്കുന്നത്.ഇന്ന് ആ പേരിനും നാടിനും എന്തൊക്കെയോ കളങ്കം സംഭവിച്ചിരിക്കുന്നു. അതിൽ മനുഷ്യന്റെതായ പല കൈയ്യേറ്റങ്ങളും നടക്കുന്നുണ്ട്*

*ഇതിന് ഒരു ഉത്തമ ഉദാഹരണമാണ് നാം അനുഭവിച്ച പ്രളയം. നാം പ്രകൃതിയെ നശിപ്പിക്കുന്ന അതിനു പ്രത്യുത്തരമായി പ്രകൃതി നമ്മെയും നശിപ്പിക്കുന്നു. കഴിഞ്ഞ പ്രളയകാലത്ത് നാം പ്രകൃതിയിലെക്ക് തള്ളിയ മാലിന്യങ്ങൾ പ്രകൃതി നമ്മുക്ക് തിരിച്ചുനൽകി.*

*നാം പ്രകൃതിയെ സംരക്ഷിച്ചാൽ അത് നമ്മെയും സംരക്ഷിക്കും. മരങ്ങളും ചെടികളും നമ്മൾക്ക് ജീവിക്കാനുളത് എല്ലാം നൽകും. നാം പ്രകൃതീയെ നശിപ്പിക്കുന്നതിലൂടെ പ്രകൃതിയിൽ പല പ്രതിഭാസങ്ങളും സംഭവിക്കുന്നു.*

*പ്രകൃതിയെ സംരക്ഷക്കുന്നതിലൂടെ നമ്മുടെ ഭാവി തലമുറയെ തന്നെയാണ് സംരക്ഷിക്കുന്നത്. നമ്മൾക്ക്*

*കയിമാറിലഭിച്ച പ്രകൃതിയെ നമ്മുടെ ഭാവി തലമുറയ്ക്ക് കയിമാറണം നമ്മൾക്ക് ലഭിച്ചതു പോലെ തന്നെ.*

*അതിനാൽ മരങ്ങൾ വെച്ചുപിടിപ്പിച്ചും മലിനികരണം കുറച്ചും നമ്മുടെ ഭാവി തലമുറയുടെ നല്ല നാളയ്ക്കായി പരിസ്രമിക്കാം.പ്രകൃതി പ്രതിഭാസങ്ങൾ മാറി മാറി വരും അതിനോടൊപ്പം മനുഷ്യന്റെ സ്വഭാവത്തിലും മാറ്റം വരണം. കഴിഞ്ഞ പ്രളയത്തിന് കാരണം മനുഷ്യൻ അനധികൃതമായി പണിതുയർത്തിയ കെട്ടിടങ്ങളാണ്.*

*പ്രളയകാലത്ത് മനുഷ്യന്റെ പരസ്പര സ്നേഹം നമ്മുക്ക് ധാരാളമായി കാണാൻ സാധിച്ചിട്ടുണ്ട്. മത്സ്യതൊഴിലാളികൾ തങ്ങളുടെ ജീവൻ പണയപ്പെട്ട- ത്തി നമ്മെ സഹായിച്ചത് ഇതിന് ഒരു ഉത്തമ മാതൃക- യാണ്.*

*സാംജോ സജി*

*9A*



## മടിയൻ മല ചുമക്കും

*തകർന്ന അമ്പലമുറ്റത്ത് വലിയ ഒരു ആൽമരമുണ്ടായിരുന്നു. ഒത്തിരി തത്തകൾ ആൽമരത്തിൽ ഉണ്ടായിരുന്നു. ഒത്തിരി തത്തകൾ ആൽമരത്തിൽ കൂട്ടുകൂട്ടി കുടുംബമായി കഴിയുന്നുണ്ടായിരുന്നു. എവിടെ നിന്നോവന്ന പക്ഷി പിടു- ത്തക്കാർ ആ മരത്തിൽ കണ്ണുവച്ചു.അടുത്ത ദിവസം ആൽമര ത്തിൽ കയറി കുഞ്ഞിതത്തകളെയെല്ലാം അവർ പിടിച്ചു കൊണ്ടുപോയി.നേതാവിന്റെ കല്പനപ്രകാരം ശേഷിച്ച തത്തകളെല്ലാം ദൂരേയ്ക്ക് പരന്നുപോയി.നേതാവ് ഒരു വലിയ പന അവർക്കു പാർക്കാൻ തിരഞ്ഞെടുത്തു.പനം പൊത്തുകളിൽ തത്തകൾക്കു സൗകര്യമായി താമസിക്കാനും സാധിച്ചു.എല്ലാക്കാര്യങ്ങളും ശ്രദ്ധിച്ചു പരിശോധിച്ചു കൊണ്ടിരുന്ന നേതാവ് ഒരു ദിവസം ചെറിയൊരു*

വള്ളിച്ചെടി പനയിലേക്ക് പടർന്നുകയറുന്നത് കണ്ടു.

നേതാവ് പറഞ്ഞു:"എല്ലാവരും താഴേക്ക് വരുവിൻ.ദാ

ഒരു വള്ളിച്ചെടി  പനയിൽ പടർന്നുകയറുന്നു .അത്

അപകടമാണ്.അതിന്റെ തണ്ടിന് വണ്ണം വെയ്ക്കും.

അതു ഉറപ്പോടെ പനയിൽ ചുറ്റികയറും.അതിന്റെ തണ്ടിൽ

പിടിച്ച് പക്ഷിപിടുത്തക്കാർ വരും.നമ്മുക്കൊരുമിച്ച് ഈ

തണ്ടും വേരും കൊത്തിപറിച്ചുകളയാം." എന്നാൽ

പനംപൊ-

ത്തിൽ സുഖിച്ചിരുന്ന തത്തകൾ താഴേക്ക്

വന്നില്ല.മാസങ്ങൾ

കഴിഞ്ഞപ്പോൾ നേതാവ് ഭയപ്പെട്ടതുപോലെ സംഭവിച്ചു.

പക്ഷിപിടുത്തക്കാർ പനയിൽ ചുറ്റിയ വള്ളിയിൽ പിടിച്ചു

മുകളിലേക്കുകയറുകയും അച്ഛൻതത്തയും അമ്മതത്തയും

നോക്കിനിൽക്കേ പക്ഷിക്കുഞ്ഞുങ്ങളെയെല്ലാം

പിടിച്ചുകൊണ്ടുപോവുകയും ചെയ്തു.

ഗുണപാഠം:"അലസൻ നിത്യനിരാശനായിരിക്കും"

സാവിയോ സുനീഷ്

9B



# നക്ഷത്രം

വർണ്ണമിണങ്ങി തെളിഞ്ഞൊരു

വാർമഴവില്ലിനെ  തോളിലേറ്റി

മിന്നമിന്നാമിന്നുന്ന  ആകാശഗോപുരത്തി-

ലൊരു  ദീപമായി  മിന്നുന്ന

നക്ഷത്രമേ.........!

വിശാലമാമൊരു  വാനിലാരോ

*ദീപം തെളിച്ച പോലെന്നോ*

*നിൻ നറുങ്ങു വെട്ടം പാരിൽ വിളങ്ങുന്നു.....*

*പ്രകാശദീപത്തിൽ നിന്നുദിച്ച*

*വെള്ളിനക്ഷത്രമേ........*

*നിൻ വെളിച്ചം എൻ ഹൃദയത്തിൽ*

*വിളക്കായി മിന്നുന്ന കുഞ്ഞു*

*നക്ഷത്രമേ.............!*

*സ്നേഹ ബെന്നി*

*9B*



# സോഷ്യൽ മീഡിയയും വിദ്യാർത്ഥികളും

*സോഷ്യൽ മീഡിയ വിദ്യാർത്ഥികൾക്ക് നല്ലതും മോഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയയുടെ ഉപയോഗം സാമൂഹ്യ ബുദ്ധിശക്തിയും മനുഷ്യസ്വഭാവവും മനസ്സിലാക്കുന്നു. സോഷ്യൽ മീഡിയയിൽ വിദ്യാർത്ഥികളെ പ്രതികൂലമായി സ്വാധീനിക്കുന്നുണ്ട്. അത് അവരെ ആക്രമണാത്മകമാക്കുകയും അടിമയാക്കുകയും ചെയ്യുന്നു.*

*താഴെപറയുന്ന രീതികളിൽ സോഷ്യൽ മീഡിയ വിദ്യാത്ഥികൾക്ക് ഉപയോഗപ്രദമാകും:*

*1.) ഇത് വിദ്യാഭ്യാസ ഉപകരണമായി ഉപയോഗിക്കാം.*

*2.) സുഹൃത്തുക്കളുമായി ബന്ധിപ്പിക്കുന്നതിന് ഇത് ഉപയോഗിക്കാനാകും.*

*3.) വാർത്താ അപ്ഡേറ്റുകൾ ലഭിക്കാൻ ഇത് ഉപയോഗിക്കാം.*

അകലങ്ങളെ ഇല്ലാതാകുന്ന ബന്ധങ്ങൾ വളർത്തിയെടുക്കുന്ന ഒന്നായിത്തീർന്നിരിക്കുന്നു. ക്യാമറ , ഇന്റർനെറ്റ് , ജി.പി.സ് സംവിധാനം ഇവയെല്ലാമിന്ന് സെൽഫോണുകളിൽ ലഭ്യമാണ്. യാത്രയിൽ ഉപയോഗിക്കാമെന്ന നിലയിലിതിന്റെ ഉപയോഗം നന്നാണ്.

എന്നാൽ നമ്മുടെ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്നതി ൽ

*മൊബൈൽ ഫോണുകൾ മുന്നിലാണെന്നത് ഞെട്ടിക്കുന്ന*

*യാഥാർത്ഥ്യമാണ്.*

*സ്നേഹ ബെന്നി*

*9B*

# ഉപന്യാസം

## _മനുഷ്യജന്മം_പുണ്യജന്മം



*നമ്മുടെ സമൂഹത്തിൽ പലതരം മനുഷ്യരുണ്ട് നാം*

*പലരീതിയിലുള്ളവരെ കാണുന്നവരുമാണ് പലരീതിയിലുമുള്ളവരാണ്*

*എല്ലാവരും.അതിൽതന്നെ നല്ല സ്വഭാവമുള്ളവരുമുണ്ട് മോശം*

*സ്വഭാവമുള്ളവരുമുണ്ട്. മനുഷ്യജന്മം പുമണ്യജന്മംതന്നെയാണ്.നമ്മുടെ*


*മുൻതലമുറ ചെയ്ത നല്ലകാര്യങ്ങൾക്കൊണ്ടാണ് നമ്മൾ മനുഷ്യജന്മമായി*

തീർന്നതെന്ന പറയപ്പെടുന്നു. ഇങ്ങനെ അമൂല്യമായൊരു ജന്മം നമ്മൾ ഒരിക്കലും മോശമായി ജീവിക്കാനുള്ളതല്ല അത് നല്ല മനുഷ്യരായി ജീവിക്കാനുള്ളതാണ്.

നമ്മുടെ ലോകത്തിൽ മോശമായി ജീവിക്കുന്നവരുടെ ജീവിതം ഒരു ജീവിതമല്ല കാരണം നമ്മൾ മോശമായി ജീവിച്ചാൽ നമുക്ക് നല്ല ഗുണങ്ങൾ ഒന്നും കിട്ടുകയില്ല .എന്നാൽ നമ്മൾ നല്ലവരായി ജീവിച്ചാൽ ഗുണങ്ങൾ മാത്രം കിട്ടുകയുള്ളു,എന്ന ബോധം നമ്മളിൽ ഉണ്ടാവണം.അതുകൊണ്ട് നമ്മൾ പരസ്പരം സ്നേഹിച്ച് ജീവിക്കണം.

വിഷ്ണു അജിത്ത്

9A



## വിശ്വസ്തനായ ഗ്രിഗറി

*അമേരിക്കയിൽ അടിമത്വ ശൃംഖല ആരംഭിച്ചപ്പോഴാണ് ഗ്രിഗറി തോമസ് അവിടെയെത്തിയത്. അയാൾ വിശ്വസ്തനും സത്യസന്ധനുമായ ഒരുവ്യക്തിത്വത്തിനുടമായായിരുന്നു. പണക്കാരനും വളരെ പരുക്കൻ സ്വാഭാവമുള്ള ജോനാഥൻ എന്ന വ്യക്തി തൻെറ ബംഗ്ലാവിലെ വ്യത്യസ്ത് ആവശ്യങ്ങൾക്കായി അയാളെ വിലക്കു വാങ്ങി. കാലക്രമേണ ഗ്രിഗറി ജോനാഥൻെറ ബംഗ്ലാവിലെ ജോലികൾ നോക്കി നടത്തി. പക്ഷേ ജോനാഥന് ഗ്രിഗറിയൊരു നീഗ്രോ വംശജനായതിൽ തെല്ലും വിശ്വാസമില്ലായിരുന്നു.എന്നാൽ അടിമയായിരുന്ന ഗ്രിഗറി ഇതെല്ലാം തിരിച്ചറിഞ്ഞിരുന്നു.*

ഒരിക്കൽ ജോനാഥാൻ തൻെറ ജോലിയുടെ ആവശ്യത്തിനായി പുറത്തേയ്ക്ക് പോയ സമയത്ത് അവിടെ

ഗ്രിഗറിയും ഹോക്കിൻസും മാത്രമായിരുന്നു.ഹോക്കിൻസ് ആ അവസരം മുതലെടുത്ത് ജോനാഥൻെറ
വിലപിടിപ്പുള്ള വസ്തുക്കളും മററും മോഷ്ടിക്കാനായി ലോക്കറിരുന്ന മുറിയിലെക്ക ചെന്നു . ഈ സമയം ഗ്രിഗറി ആ സമയം മുറി വൃത്തിയാക്കാനായി അവിടെക്ക ചെന്നു. ആ സമയം ഹോക്കിൻസ് ലോക്കർ തുറക്കാനായി അവിടെക്ക ചെന്നു .ആ സമയം ഹോക്കിൻസ് ലോക്കർ തുറക്കാനായി ശ്രമിക്കുന്നതാണ് ഗ്രിഗറി കണ്ടത്.

ആ രംഗം കണ്ട നിമിഷം തന്നെ ഹോളിലെത്തി ടെലിഫോണെടുത്ത് ജോനാഥാൻെറ ഭാര്യയായ ജാഗ്ലിനെ വിളിച്ച വരുത്തി. ജാഗ്ലിൻ ജോനാഥനെയും കൂട്ടി അവിടെ എത്തി ഹോക്കിൻസിനെ കൈയ്യോടെ പിടിക്കുകയും ഗ്രിഗറിയെ അഭിനന്ദിച്ച് തൻെറ വിശ്വസ്ഥനായി നിയമിക്കുകയും ***ചെയ്തു.***

-ശാലു മോൾ ലൈജു, 9B



## കമ്പ്യൂട്ടർ

*സയൻസിൻെറ ഏറ്റവും പുതിയ നേട്ടമാണ് കമ്പ്യൂട്ടർ ഇക്കാലത്ത് കമ്പ്യൂട്ടറിൻെറ് ഉപയോഗം നാലുപാടും അതിവേഗം വ്യാപിച്ച കൊണ്ടിരിക്കുന്നു.നമ്മുടെ രാജ്യത്ത് കമ്പ്യൂട്ടറിൻറ് ഉപയോഗം അതിവേഗം നടന്നുകണ്ടൊരിക്കുന്നു. കമ്പ്യൂട്ടറിന്റെ അർഥം കണക്ക് കൂട്ടുക എന്നാണ്. സംഖ്യയെ സംബന്ധിച്ചുള്ള അതിസൂഷ്മവും അത്യന്തം കഠിനവുമായ പ്രശ്നം വളരെ സ്വാഭാവികമായി യന്ത്രംപരിഹരിക്കുന്നു. യന്ത്രസംവിധാനത്തിൽ തകരാറൊന്നുമില്ലെങ്കിൽ*

കമ്പ്യൂട്ടറിൻറെ കണക്കുകൂട്ടലുകൾ ഒരിക്കലും തെറ്റുകയില്ല കമ്പ്യൂട്ടർവെറും കണക്കു കൂട്ടാനുള്ള യന്ത്രം മാത്രമല്ല.

എത്ര ചെറിയ സംക്ഷിപ്തരൂപങ്ങളുടേയും വലുതാക്കി കാണിച്ച പ്രവർത്തികമാക്കാൻ സഹായിക്കുന്ന കമ്പ്യൂട്ടർ കാലാവസ്ഥയെകുറിച്ച മുൻകൂർ സൂചന നൽകുന്നു. ഗണിതശാത്രത്തിലെ എത്ര പ്രയാസമേറിയ പ്രശ്നങ്ങളും ഉത്തരം നൽകുന്ന അന്തരീക്ഷത്തിൽ


സംഭവിച്ചുകൊണ്ടിരിക്കുന്ന ഓരോ മാറ്റങ്ങളെക്കുറിച്ചും പഠിക്കുന്ന അവയുടെ സന്ദേശങ്ങൾ നമുക്ക് നൽകുന്നു. വിവിധതരം വാർത്തകൾ ശേഖരിക്കുന്ന അവയെ സുരക്ഷിതമായി സൂക്ഷിക്കുന്നു.

ഇന്നത്തെ ജടിലമായ കമ്പ്യൂട്ടർ നിർമ്മിച്ചതിന്റെ കീർത്തി അമേരിക്കയിലെ ഹർവർട്ട് എന്ന ശാസ്ത്രജ്ഞനാണ്.കംമ്പ്യൂട്ടറിന്റെ രംഗത്ത് പുതിയ പരിഷ്കാരങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

രോഹിത്ത് രാജു

9 C

## ദാരിദ്ര്യത്തിന്റെ വിജയം




ഒരിടത്ത് ഒരു പാവം

കർഷകനുണ്ടായിരുന്നു. അയാ-

ൾക്ക് ഭാര്യയും രണ്ടു മക്കളും ഉണ്ടായിരുന്നു.അവരെ

എങ്ങനെയെങ്കിലും തീറ്റിപ്പോറ്റണമെന്ന് ഓർത്തിട്ടാണ് അയാൾ

കഷ്ടപ്പെടുന്നത്.

അങ്ങനെയിരിക്കേ ഒരു ദിവസം വിതച്ചുകൊണ്ടിരിക്കുമ്പോൾ

ഒരു പെട്ടി കിട്ടി.

അത് തുറന്നുനോക്കിയപ്പോൾ സ്വർണ്ണം.

ഞെട്ടിപ്പോയി അദ്ദേഹം തന്റെ കൈയിൽ ഇത്രയധികം

സ്വർണ്ണമോ! സ്വർണ്ണം കിട്ടിയ ആഹ്ലാദത്തിൽ അയാൾ

ഭാര്യയോട് ചെന്നു പറഞ്ഞു.ഭാര്യക്ക് സ്വർണ്ണം കണ്ടപ്പോൾ

സന്തോഷമായി.അവർ രണ്ടു പേരുകൂടി സ്വർണ്ണം വിറ്റ് കാശ്

ഉണ്ടാക്കി.ഇപ്പോൾ അവർ പേര് കേട്ട പണക്കാരാണ്.

പണക്കാരായിപ്പോൾ അവർക്ക് അഹങ്കാരവും വർധിച്ചു.

അവരുടെ ഈ അഹങ്കാരത്തിന് ദൈവം തക്കതായ മറുപടി

കൊടുത്തു.അവർ പ്രതീക്ഷിക്കാത്തതായിരുന്നു സംഭവിച്ചത്.

പെട്ടെന്ന് ഒരു മഴ പ്രളയം ആയിരുന്നു അത്.ആ മഴയിലൂടെ വീടും പണവും നഷ്ടപ്പെട്ടു.അങ്ങനെ അവർ മനസ്സിലാക്കി സമ്പത്ത് ഒന്നിനും പ്രത്യുത്തരമല്ല എന്ന്.ഇപ്പോൾ അവർ അവരുടെ കൃഷിസ്ഥലത്ത് കൃഷി ചെയ്ത് ഒരു ചെറിയ വീട് പണിത് ജീവിക്കുകയാണ്.അവരുടെ അധ്വനത്തിലൂടെ അവർക്ക് നഷ്ടപ്പെട്ടത് തിരിച്ചുപിടിച്ചു.ഇപ്പോൾ അയാൾ ആഗ്രഹിച്ചതുപോലെ ജീവിതം നയിക്കുകയാണ്.അവർ സുഖമായി ആ വീട്ടിൽ കഴിയുന്നു.ഗുണപാഠം: അഹങ്കാരം ആപത്ത്-റോസ്മരിയ ജോമോൻ 9B



# നമ്മുടെ കേരളം

കേരള നാടെ ഉണരുവിൻ

ഹരിതസുന്ദരമാമുനീ

പച്ചപ്പട്ടുടുത്ത് നീ

അമ്മയായി വന്നു നീ

ദൈവത്തിന്റെ സ്വന്തം നാട്

മലയാളികൾ വാഴും നാട്

കേരവൃക്ഷം നിറഞ്ഞ നാട്

നമ്മുടെ സ്വന്തം കേരളമാം

കേരളത്തിൻ മാഹാത്മ്യം

*വിളിച്ചോതും കലാരൂപങ്ങൾ*

*കള്ളവുമില്ല ചതിയുമില്ല*

*നമ്മുടെയീ  ഭൂവനിയിൽ*

*കാടും മലയും നിറഞ്ഞ്*

*ഹരിതശോഭയുണർത്തി*

*ജീവജാലങ്ങളിൽ കളിരും പകരും*

*വിശ്വമനോഹര കേരളമേ........*

*സാന്ദ്ര സുഭാഷ്*

*9c*

# പൊതിച്ചോറ്



" അമ്മേ.....

പൊതിച്ചോർ

കെട്ടിവയ്ക്കണേ ...”

അപ്പോഴാണ് മഞ്ജു ഓർത്തത്; ആഴ്ചയിൽ ഒരു ദിവസം

പൊതിച്ചോറ്

പതിവുള്ളതാണ്.' ഞാനതു മറന്നു.' പ്രളയത്തിൽ

കുടുങ്ങിയിരിക്കുന്നവർക്കും

ക്യാമ്പിലുള്ളവർക്കും നല്കാനാണ്. രാവിലത്തെ

തിരക്കിനിടയിൽ മറ്റൊന്നും ഓർ-

മ്മിക്കാൻ പലപ്പോഴും നേരമില്ല. തിരക്കോ.. തിരക്ക്." മോളെ

, അച്ഛനോട് ഒരില

വെട്ടിത്തരാൻ പറയ്.” നേരം എത്ര പോയാലും പൊതിച്ചോറ്

കെട്ടിക്കൊടുക്കണം.

അത് നിർബന്ധമാ. പെട്ടെന്നുതന്നെ ഒരു പൊതിക്കുടി കെട്ടി മേശപ്പുറത്ത് വെച്ചു.

"മോളെ പൊതി ഇവിടെവച്ചിട്ടുണ്ട്; എടുക്കാൻ മറക്കരുതെ. അവൾ അടുക്കളയിലേക്ക് തിരിഞ്ഞു. വേഗം പണികൾ ഒതുക്കിയശേഷം അവൾ ജോലിയ്ക്കുപോകുവാൻ റെഡിയായി. പോകാൻതുടങ്ങുമ്പോൾ അവൾ ഒന്ന് ശ്രദ്ധിച്ചു. പൊതി അവിടെത്തന്നെ ഇരിപ്പുണ്ട്." ഈശ്വരാ! അവളത് മറന്നല്ലോ. എന്തുചെയ്യും? ഇനിയിത് സ്കൂളിൽ കൊണ്ടുപോയി കൊടുക്കാൻ ഒരു മാർഗവും കാണുന്നില്ല. സാരമില്ല കൈയ്യിലിരിക്കട്ടെ." മഞ്ജു ആ പൊതിച്ചോറ് ബാഗിൽ തിരുകിവെച്ചു. വേഗത്തിൽ ജോലിയ്ക്കായി പുറപ്പെട്ടു. പട്ടണത്തിലെ ഉയർന്ന കമ്പനിയിലാണ് മഞ്ജുവിന്റെ

ജോലി. പതിവില്ലാതെ കാലുകളുടെ വേഗം കൂടി. പെട്ടെന്ന്

അവൾ പൊതിച്ചോറിന്റെ

കാര്യം ഓർത്തു. ഈ ചോറ് നല്കാൻ ആരെങ്കിലും?

അതാ... ഒരമ്മയും

മെലിഞ്ഞുണങ്ങിയ ഒരു പിഞ്ചുക്കുട്ടിയും. വഴിയരുകിൽ

ചുട്ടുപൊള്ളുന്ന

വെയിലത്തിരുന്ന് ഭിക്ഷയാചിക്കുകയാണ്." ആരെങ്കിലും

എന്തെങ്കിലും തരണേ".

ആ അമ്മയുടെ അടഞ്ഞ ശബ്ദം. "അമ്മേ..... വിശക്കുന്നു". ആ

കുട്ടിയുടെ കരച്ചിൽ

അവളുടെ ചെവിയിലേക്ക് തുളച്ചുകയറി. ആ കണ്ണുകളിൽ അവൾ

വിശപ്പിന്റെ

ആധിക്യം കണ്ടു. പിന്നെ ഒട്ടും വൈകിയില്ല. കൈവശമുള്ള

പൊതിച്ചോറ് ആ

കുഞ്ഞിൻെറ നേരെ നീട്ടി. ആർത്തിയോടെ ആ കുഞ്ഞ് അത്

വാങ്ങി. നന്ദിയോടെ

അമ്മയും കുഞ്ഞും  അവളുടെ മുമ്പിൽ കൈകൂപ്പി.

അവർ ആ പൊതിച്ചോറ് അഴിച്ച് ആർത്തിയോടെ

വാരിവാരിത്തിന്നാൻ തുടങ്ങി.

അവരിൽനിന്ന് കണ്ണെടുക്കാതെ അവൾ

നടന്നനീങ്ങി. ഫോണിന്റെ ബെല്ലടിശബ്ദം

കേട്ട് അവളുടെ ശ്രദ്ധതിരിഞ്ഞു. കമ്പനിയിൽ നിന്നായിരുന്ന

വിളി. ഫോണെടുത്ത്

അവൾ പറഞ്ഞു: "ദാ, വരുന്ന സാർ". മഞ്ജു വേഗത്തിൽ

നടന്നു. മനസ്സിൽ ഒരു

കോരിത്തരിപ്പോടെ... അതെ, ഇന്നത്തെ ദിവസം

ധന്യമായി... കാലുകൾ വേഗത്തിൽ

ചലിപ്പിച്ച് അവൾ നടന്നു. കവലയിലെത്തി. നിമിഷമാത്രയിൽ

ബസ് വന്നു. അവൾ

ബസിൽ ചാടിക്കയറി. എന്തെന്നില്ലാത്ത

സന്തോഷത്തോടെ.. ആവേശത്തോടെ....

*-സുമിന കെ. എസ്*

***9B***

